പെറ്റീഷൻ കൊടുക്കേണ്ടതു്. അങ്ങനെ അവിടെ പെറ്റീഷൻ കൊടുത്തിട്ടില്ല. മനോരമ റിപ്പോർട്ടാണു് ഇതുസംബന്ധിച്ചു് വന്നിട്ടുള്ളതു്. കോട്ടയത്തു് ഇതേപോലുള്ള പെറ്റീഷൻ ആരെങ്കിലും കൊടുത്തിട്ടുണ്ടോ എന്നതിനെപ്പറ്റി പരിശോധിക്കാം. പോലീസിൽ ഇതേപ്പറ്റി ഒരു പരാതിയും ചെന്നിട്ടില്ല. അവർ അന്വേഷിച്ചിട്ടു് ഇതുവരെ ഒരു വിവരവും കിട്ടിയിട്ടില്ല.

IV. നിയമനിർമ്മാണകാര്യം

(1) സബ്ജക്ടു് കമ്മിറ്റി റിപ്പോർട്ടു് ചെയ്ത പ്രകാരമുള്ള 1991-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ): സർ, സബ്ജക്ടു് കമ്മിറ്റി റിപ്പോർട്ടു് ചെയ്ത പ്രകാരമുള്ള 1991-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ പരിഗണനയ്ക്കു് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, ഞാൻ പിന്താങ്ങുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, സ്റ്റാമ്പ് ആക്ടിന്റെ ബിൽ സബ്ജക്ടു് കമ്മിറ്റിക്കു് വിടുന്നതിനുമുമ്പു് ഇതിന്റെ പൊതു ചർച്ചയിൽ പങ്കെടുത്തിരുന്നു. സബ്ജക്ടു് കമ്മിറ്റി റിപ്പോർട്ടു് ചെയ്തു വന്നിരിക്കുന്നതിനകത്തു് പ്രത്യേക ഭേദഗതി ഒന്നുമില്ല. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബിൽ ആവശ്യമാണു്. ജനങ്ങളെ ബാധിക്കുന്ന ഒരു നിയമമാണിതു്. ഭൂമിയുടെ വില നിശ്ചയിച്ചുകൊണ്ടു നിയമം വരാൻ പോകുന്നു എന്നു് ഗവൺമെന്റു് പറഞ്ഞ അവസരത്തിൽ അന്നു് ഞങ്ങൾ അതിനോടു് വിയോജിപ്പു് പ്രകടിപ്പിച്ചു. അങ്ങനെ ചെയ്യുന്നതു് ശാസ്ത്രീയമായിരിക്കില്ല എന്നു് വാദിച്ചു. നമ്മുടെ സംസ്ഥാനത്തിനു് കൂടുതൽ വരുമാനം ഉണ്ടാക്കാൻ ഇതു് ഏറ്റവും അനുയോജ്യമായ സംഗതിയാണെന്നാണു് മന്ത്രി അന്നു് പറഞ്ഞതു്. ആ നിലയിൽ തന്നെ അതു് നടപ്പിലാക്കുകയും ചെയ്തു. അതിനുശേഷം ഓർഡിനൻസു് കൊണ്ടുവന്നു ആ നിയമം റദ്ദാക്കിക്കൊണ്ടു് പൂർവ്വ സ്ഥിതിയിലേക്കു് നമ്മെ തിരിച്ചു പോയിരിക്കുകയാണു്. ഓർഡിനൻസു് ഒന്നും റീപ്ലേസു് ചെയ്യുന്നില്ല എന്നുള്ള ഒരു സമീപനം സ്വീകരിച്ചിരുന്നു. ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നമെന്ന നിലയിൽ ഈ ഓർഡിനൻസു് റീപ്ലേസു് ചെയ്യണ്ട എന്ന നിലയിൽ ഗവൺമെന്റു്, വന്നതു് ശരിയായില്ല. അതിനുശേഷമാണു് സബ്ജക്ടു് കമ്മിറ്റിയിൽ ഈ നിഷയം വന്നതും ഞങ്ങളോടു് സഹകരിക്കാൻ പറഞ്ഞതും. ഞങ്ങൾ പൂർണ്ണമായിട്ടു് സഹകരിക്കുകയാണു്. അതുകൊണ്ടുതന്നെയാണു് വനിതാ കമ്മീഷൻ ബില്ലിനുവേണ്ടി നിശ്ചയിച്ചിരിക്കുന്ന ഈ തീയതിയിൽ തന്നെ ഇതിനു് സമയം നിശ്ചയിച്ചു് ഈ ബിൽ ചർച്ചയ്ക്കെടുക്കാൻ ഞങ്ങളുടെ സഹകരണം കൂടി വാഗ്ദാനം ചെയ്തതു്. ഗവൺമെന്റിന്റെ നിലപാടു് ഞങ്ങൾക്കു് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

താണ്. ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് ഗവൺമെൻറ് പ്രയോറിറ്റി കൊടുക്കാൻ തയ്യാറാകുന്നില്ല. ഓർഡിനൻസ് ഇറക്കുന്നതിൽ ശക്തമായ എതിർപ്പു പ്രകടിപ്പിച്ചിട്ടുള്ള ആളുകളാണ് ഭരണ പക്ഷത്തുള്ളത്. അവർ തന്നെ ഓർഡിനൻസ് കൊണ്ടുവരുന്നു. ആ ഓർഡിനൻസ് നിയമമാക്കുന്നു, ആ നിയമം ആക്കിയത് വീണ്ടും ഓർഡിനൻസ് വഴി റദ്ദാക്കുന്നു, അതിനുവേണ്ടിയുള്ള നിയമം കൊണ്ടുവരുന്നു. ഈ പ്രക്രിയ അനുസ്യൂതം ഇവിടെ തുടരുകയാണ്. ഈയൊരു സമീപനം ഗവൺമെൻറ് എടുക്കുന്നത് ശരിയല്ല.

സർ, ഗവൺമെൻറ് ഓർഡിനൻസ് റീപ്ലേസ് ചെയ്യണ്ട എന്ന സമീപനം സ്വീകരിച്ചതുതന്നെ തെറ്റാണ്. ഇനിയും ഓർഡിനൻസുകൾ റീപ്ലേസ് ചെയ്യേണ്ടതായിട്ടുണ്ട്. ഓർഡിനൻസ് ഇറക്കുന്നത് വളരെ അത്യാവശ്യമുള്ള സന്ദർഭങ്ങളിലാണ്. ചില ഓർഡിനൻസുകൾ ആക്ടാക്കി മാറേണ്ടതല്ലായിരിക്കാം. അതിനുള്ള സൗകര്യം ഗവൺമെൻറിനുണ്ട്. ഈ കാര്യത്തിൽ ഗവൺമെൻറ് ആദ്യം സ്വീകരിച്ച നിലപാടിൽ നിന്നും വ്യത്യസ്തമായ ഒരു നിലപാട് സ്വീകരിക്കേണ്ടതായിട്ട് വന്നു. നമ്മളൊരു തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ എത്തി നിൽക്കുകയാണ്. നാളെ നിയമസഭ അവസാനിക്കുകയാണ്. ഗവൺമെൻറ് തീരുമാനം എടുത്തു കഴിഞ്ഞിരിക്കുന്നു. ഗവർണ്ണറെ അറിയിച്ചുകഴിഞ്ഞു എന്നാണറിയുന്നത്. അത്യം ഞങ്ങൾ പത്രങ്ങളിൽ കൂടിയാണ് അറിയുന്നത്. അപ്പോൾ പ്രതിപക്ഷത്തിരിക്കുന്ന ആളുകളെ വിശ്വാസത്തിലെടുക്കാനോ സഭയിലിരിക്കുന്നവരെ വിശ്വാസത്തിലെടുക്കാനോ തയ്യാറാകുന്നില്ല. തെറ്റായ ഒരു സമീപനം ആണിത്. ഒരു തെരഞ്ഞെടുപ്പ് രംഗത്തേയ്ക്ക് പോകുമ്പോൾ ഈ സഭയിൽ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ വന്നാൽ സഹകരിക്കാൻ ഞങ്ങൾ തയ്യാറാണ്. ഇനി വനിതാ കമ്മീഷൻ ബിൽ ചർച്ചയ്ക്ക് വരുന്നുണ്ട്. ഞങ്ങൾ സഹകരിക്കാമെന്നു പറഞ്ഞു. പ്രതിപക്ഷത്തെ വിശ്വാസത്തിലെടുക്കാതെയും സഹകരിപ്പിക്കാതെയും ഗവൺമെൻറ് പലപ്പോഴും മുന്നോട്ടു നീങ്ങുന്നുണ്ട്. അതിൽ ശക്തമായ പ്രതിഷേധം ഞങ്ങൾക്ക് ഉണ്ട്. സബ്മിഷൻസിന് മറുപടി നൽകാൻ പ്രൊട്ടക്ഷൻ ഉണ്ടെന്നും അങ്ങ് തന്നെ റൂളിംഗ് നൽകി. ആ റൂളിംഗ് പൂർണ്ണമായി ഞാൻ അംഗീകരിക്കുന്നു. എന്നാൽ മന്ത്രിമാർ നൽകുന്ന പല അഷ്വറൻസും പുറത്തേയ്ക്ക് ജനങ്ങളെ ആകർഷിക്കത്തക്ക നിലയിലാണ്. മന്ത്രി ശിവദാസമേനോൻ സാക്ഷരതയെക്കുറിച്ചു പറഞ്ഞു. അതിന്റെ നടത്തിപ്പിനെപ്പറ്റി ഞങ്ങൾക്ക് ശക്തമായ എതിർപ്പുണ്ട്. മൂന്നുനാലു ജില്ലകൾ സമ്പൂർണ്ണ സാക്ഷരതാ ജില്ലകളായി പ്രഖ്യാപിച്ചുവെന്ന് പറഞ്ഞു. അതിന്റെ പിന്നിൽ നടക്കുന്ന തിരിമറികളെ കുറിച്ച് ധാരാളം ആക്ഷേപം വന്നിട്ടുണ്ട്. ഏതൊക്കെ കാര്യങ്ങൾക്ക് പ്രയോറിറ്റി കൊടുക്കണം ഏതൊക്കെ കാര്യങ്ങൾ ചെയ്യണമെന്നത് സംബന്ധിച്ച വ്യക്തത ഗവൺമെൻറിനു തന്നെയില്ല. അതുകൊണ്ടുതന്നെയാണ് ഇങ്ങനെയൊരു കൺഫ്യൂഷൻ വന്നത്. സമയം ധാരാളമെടുത്തു ഈ ബിൽ ചർച്ച ചെയ്യാൻ നമുക്കു കഴിയുമായിരുന്നു. അതിനുള്ള സൗകര്യം ഉണ്ടാക്കാതിരുന്നത് ഗവൺമെൻറു ഭാഗത്തു നിന്നുള്ള കൃത്യവിലോപമാണ്. അതിൽ ശക്തമായിട്ടുള്ള പ്രതിഷേധം ഞങ്ങൾക്കുണ്ട്. ഗവൺമെൻറ് പ്രതിപക്ഷത്തെ വിശ്വാസത്തിലെടുക്കാതെ നടപടികൾ സ്വീകരിക്കുന്നതിലുള്ള പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്. ഈ ഓർഡിനൻസ് റീപ്ലേസ് ചെയ്യുന്നതിൽ ഞങ്ങൾക്ക് യാതൊരു എതിർപ്പുമില്ല, ഞങ്ങൾ ഇതിനെ അനുകൂലിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ഈ ബിൽ മാറ്റിവയ്ക്കാനോ ചർച്ച ചെയ്യേണ്ടതോ ആരും പറഞ്ഞിട്ടില്ല. സബ്ജക്ട് കമ്മിറ്റിക്ക് അയച്ചുവരുത്താനുള്ള സമയമില്ലാത്തതുകൊണ്ട് സംഭവിച്ചു പോയതാണ്. അല്ലാതെ തെറ്റിദ്ധരിപ്പിച്ച് ഇത്ര വലിയ പ്രതിഷേധമൊന്നും പറയേണ്ട കാര്യമില്ല.

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, ഞാൻ നേരത്തെ ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞത് സബ്ജക്ട് കമ്മിറ്റിയിൽ പരിഗണിക്കാമെന്ന് മന്ത്രി പറഞ്ഞിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റിയിൽ അത് പരിശോധിച്ചിട്ടില്ല. ഞാൻ ആ കാര്യം ഇവിടെ വീണ്ടും ആവർത്തിക്കുകയാണ്. 'ഭാഗപത്രം' എന്നു പറയുന്നത് സ്ത്രീകളെ സംബന്ധിച്ചിടത്തോളം കുടുംബനാഥൻ പെട്ടെന്ന് മരണപ്പെട്ടാൽ നിർബന്ധിതമായി ചെയ്യേണ്ട ഒരു കാര്യമാണ്. അത് വിൽക്കുകയോ വാങ്ങുകയോ ചെയ്യുന്നതല്ല. സാഹചര്യത്തിന്റെ സമ്മർദ്ദത്താൽ നിർബന്ധമായി തീരുന്നതാണ്. ഇതിന് സ്റ്റാമ്പ് ആക്ടിലെ വ്യവസ്ഥയനുസരിച്ച് മാർക്കറ്റ് വിലയുടെ മുദ്രപ്പത്രം വാങ്ങിക്കണം. അതിന് അഞ്ചുരൂപ നിരക്കിൽ ഫീസും കൊടുക്കണമെന്ന് പറയുന്നുണ്ട്. ഇത് ഒഴിവാക്കുന്ന കാര്യം സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാമെന്ന് പറഞ്ഞിരുന്നതാണ്. അതുപോലെതന്നെ ഒഴിമുറിക്കും ഈ നിയമം ബാധകമായിട്ടുണ്ട്. അതുകൊണ്ട് 1958-ലെ സ്റ്റാമ്പ് ആക്ടിലെ 42, 45 വകുപ്പുകളിൽ ഭേദഗതി കൊണ്ടുവന്ന് ഈ നിയമത്തിൽ നിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ): സർ, ഭാഗാധാരത്തിന്റെ റേറ്റ് വാസ്തവത്തിൽ കുറയ്ക്കുകയാണ് ഉണ്ടായത്. 1938-ൽ 5 ശതമാനമായിരുന്നത് ഇപ്പോൾ 2.5 ശതമാനമായി കുറച്ചിരിക്കുകയാണ്. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗാധാരത്തിന് റേറ്റ് കുറിച്ചിരിക്കുകയാണ്. മറ്റുവിധത്തിലുള്ള ഭാഗാധാരങ്ങൾക്ക് 5 ശതമാനമാണ് റേറ്റ്. അല്ലാതെ റേറ്റ് കൂട്ടുകയല്ല ചെയ്തിരിക്കുന്നത്. ഇതിനെക്കുറിച്ച് സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കുകയുണ്ടായി. ശ്രീ. ജേക്കബ് പറഞ്ഞതിന് ഞാൻ പ്രത്യേകമായിട്ടൊരു മറുപടിയും പറയുന്നില്ല. എന്തായാലും, ശ്രീ. ജേക്കബ് സഹകരിച്ച് ഈ ബില്ലും അടുത്ത ബില്ലും പാസ്സാക്കിത്തരണമെന്ന് പറയുകയാണ്. പിന്നെ രാഷ്ട്രീയമായിട്ടുള്ള കാര്യങ്ങൾക്കെല്ലാം നാളെ ഇവിടെ കലാശക്കോട്ടയുണ്ടാകും. അപ്പോൾ സംസാരിക്കാം. അതുകൊണ്ട് ഇപ്പോൾ ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

11 a.m.]

മി. സ്പീക്കർ: ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ നേരത്തെ ഓർഡിനൻസ് റീപ്ലേസ് ചെയ്യേണ്ട ബിൽ പ്ലെയിസ് ചെയ്തത് കഴിഞ്ഞിരുന്നു. പ്രായോഗികമായി ഓർഡിനൻസ് റീപ്ലേസ് ചെയ്തുകൊണ്ടുള്ള ബിൽ അവതരിപ്പിച്ചാൽ സബ്ജക്ട് കമ്മിറ്റിയിൽ പോയി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത് തിരിച്ചുവന്ന് ക്ലോസ് ബൈ ക്ലോസ് എടുക്കണം. അതിന് പ്രായോഗികമായ വൈഷമ്യങ്ങളുണ്ടെന്ന് മനസ്സിലാക്കിയിട്ടാണ് സമയമില്ലാത്തതുകൊണ്ട് ഒരു സാമൂഹ്യ നിയമം എന്നുള്ള നിലയിൽ വിമൻസ് കമ്മീഷൻ ആക്ട് ചർച്ച ചെയ്യണമെന്ന് ചെയറിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് ആവശ്യപ്പെട്ടത്. അതിൽ പ്രതിഷേധിക്കേണ്ട കാര്യമില്ല. ചെയർ തന്നെയാണ് പറഞ്ഞത്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ഒരു ബില്ലാണ് ഈ സഭയുടെ പരിഗണനയ്ക്ക് വച്ചിരിക്കുന്നത്. മറേറ ബില്ലാണെങ്കിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് റിപ്പോർട്ട് വരണം. അപ്പോഴും രണ്ട് ബില്ലുകളും സഭയുടെ മുമ്പിലുണ്ടായിരുന്നു. ഒന്ന്, ടൂറിസ്റ്റ് ട്രേഡ് രജിസ്ട്രേഷൻ ബിൽ, സബ്ജക്ട് കമ്മിറ്റി പരിശോധിച്ചതാണ് ആദ്യം എടുക്കുവാൻ തീരുമാനിച്ചത്. രണ്ടാമത്തെ ബിൽ സെലക്ട് കമ്മറ്റി പരിശോധിച്ച വനിതാ കമ്മീഷൻ ബില്ലാണ്. ഇത് രണ്ടും ഈ സഭയിൽ തന്നെ ചർച്ച ചെയ്ത് പാസ്സാക്കുന്നതാണ് പ്രായോഗികം. നേരെമറിച്ച്, ഓർഡിനൻസ് റീപ്ലേസ് ചെയ്യുന്നത് ആണെങ്കിൽ ഈ സഭയിൽ നാലാം തീയതിക്കുമുമ്പു തീരുകയില്ല. ഇത് വളരെ സദുദ്ദേശത്തോടുകൂടി ചെയർ പറഞ്ഞതാണ്. മറ്റു കാര്യങ്ങളിൽ ശ്രീ. ജേക്കബ് പറയുന്നതിനോട് എനിക്ക് അഭിപ്രായമില്ല. ഈ ഒരു കാര്യത്തിൽ പ്രതിഷേധത്തിന് കാര്യമില്ല എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ പറഞ്ഞത് അങ്ങേയ്ക്കറിയാം, അങ്ങ് ലെജിസ്ലേറ്റീവ് ബിസിനസ്സിൽ പങ്കെടുക്കുന്നയാളും കാര്യങ്ങളെല്ലാം അറിയാവുന്നയാളുമാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു സെഷൻ കൂടിയാൽ ടോപ്പ് പ്രയോറിറ്റി കൊടുക്കുന്നത് ഓർഡിനൻസ് റീപ്ലേസ് ചെയ്യുന്ന ബില്ലുകൾക്കാണ്.

മി. സ്പീക്കർ: ഈ സാഹചര്യത്തിൽ അതൊക്കുകയില്ല.

ശ്രീ. ടി. എം. ജേക്കബ്: അതിൽ സംശയമില്ല. അങ്ങ് പറഞ്ഞത് ഞാൻ സമ്മതിക്കുകയാണ്. സബ്ജക്ട് കമ്മിറ്റിക്ക് പോയിട്ട് തിരിച്ച് നാലാം തീയതിക്കുള്ളിൽ വരാൻ കഴിയില്ല. അതുകൊണ്ട് ഇത് ചെയ്തുവെന്നു പറയുന്നത് ശരിയാണ്. ഞാൻ പാഞ്ഞത് എന്താണെന്നുവച്ചാൽ ഇതിന് ഗവൺമെന്റാണ് പ്രയോറിറ്റി കൊടുക്കേണ്ടത്, ഞങ്ങളോ അങ്ങോ അല്ല. ഗവൺമെന്റാണ് തീരുമാനമെടുക്കേണ്ടിയിരുന്നത്, അങ്ങനെ ചെയ്യാതിരുന്നത് ശരിയായില്ലെന്നാണ് ഞാൻ പറഞ്ഞത്.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1991-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സബ്ജക്ട് കമ്മിറ്റി റപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1991-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ സഭ പരിഗണനയ്ക്ക് എടുത്തു.

വകുപ്പ് തിരിച്ചുള്ള പരിഗണന

രണ്ടു മുതൽ 5 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

രണ്ടു മുതൽ 5 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

6–ാം വകുപ്പ്

[ശ്രീ. ഇ. അഹമ്മദ്, ശ്രീ. എം. ജെ. സഖറിയ, ശ്രീ. ചെർക്കളം അബ്ദുള്ള എന്നീ മെമ്പർമാർ സീറ്റിലില്ലാതിരുന്നതുകൊണ്ട് ഭേദഗതി അവതരിപ്പിച്ചില്ല.]

6–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

6–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

7–ാം വകുപ്പ്

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ): സർ, 1991–ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: സർ, ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന രജിസ്റ്റർ ഓഫീസുകളിൽ വളരെയധികം അഴിമതി നടക്കുകയാണ്. ഒരു ആധാരം രജിസ്റ്റർ ചെയ്യണമെങ്കിൽ രജിസ്റ്റ്റാഫീസിൽ അതിനോട് അനുബന്ധിച്ച് നേരിടേണ്ടിവരുന്ന കാര്യങ്ങളെക്കുറിച്ച് ഞാൻ പറയാം. രജിസ്റ്റർ ചെയ്യുന്ന മുദ്രപ്പത്രത്തിന്റെ വില കുറയ്ക്കാനും കൂട്ടാനും രജിസ്ട്രാർ ഓഫീസിലെ ഉദ്യോഗസ്ഥൻമാർ വിചാരിച്ചാൽ സാധിക്കും. അതുവഴി നമ്മുടെ സർക്കാരിന് ധാരാളം പണം നഷ്ടപ്പെടുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ അന്വേഷണം നടത്തി അവിടത്തെ അഴിമതി അവസാനിപ്പിക്കാൻ സാധിച്ചാൽ മുദ്രപ്പത്ര ആക്ടിലെ വ്യവസ്ഥയനുസരിച്ച് സർക്കാരിന് കൂടുതൽ പണം ലഭിക്കും.

മി. സ്പീക്കർ: പെട്ടെന്ന് പറഞ്ഞവസാനിപ്പിക്കണം.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: അങ്ങ് ഇങ്ങനെ തെരക്ക് കൂട്ടുന്നതെന്തിനാണ്? കോമൺവെൽത്ത്. പാർലമെന്ററിലെ സെമിനാറിലും ഒക്കെ പോയി ചെയ്ത ഉജ്ജ്വല പ്രസംഗങ്ങളും നടപടി ക്രമങ്ങളുമൊക്കെ പറയുന്ന ലേഖനങ്ങൾ എല്ലാ പത്രങ്ങളിലും വന്നിട്ടുണ്ട്. അങ്ങനെയുള്ള അങ്ങ് തെരക്ക് കൂട്ടിയാലെങ്ങനെയാണ്?

LIBRARY ARCHIVES Kerala Legislative Assembly.

ശ്രീ. വി. കെ. രാജൻ: സർ, ഈ ബിൽ കൊണ്ടുവന്ന് വളരെ പ്രയോജനകരമായ ഒരു ഉദ്ദേശത്തോടു കൂടിയാണ് വില നിർണ്ണയമൊക്കെ നടത്തിയത്. എന്നാൽ അതിന് തെറ്റായ രീതിയിൽ, അപരിഷ്കൃതമായ നടപടിക്രമമൊക്കെ സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് നടപ്പിലാക്കാൻ കഴിയാതെ വന്നത്. ഇപ്പോൾ ജില്ലാ കൗൺസിലാണ് അത് പരിശോധിച്ച് നടപ്പിലാക്കേണ്ടതെന്നാണ് ഉദ്ദേശിക്കുന്നത്. ഒരു നിശ്ചിത സമയത്തിനകം അത് പരിശോധിച്ച് സർക്കാരിലേയ്ക്ക് ഭീമമായ സംഖ്യ രജിസ്ട്രേഷന്റെ പേരിലും മറ്റും വരേണ്ടതാണ്. അതിനാവശ്യമായ സത്വര നടപടികളും ഈ ബിൽ പാസ്സായാൽ സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ): സർ, ശ്രീ. ഇസ്ഹാക്ക് കുരിക്കൾ പറഞ്ഞ കാര്യങ്ങൾ—രജിസ്ട്രേഷനെ സംബന്ധിച്ച കാര്യങ്ങൾ—ബന്ധപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാം. ശ്രീ. വി. കെ. രാജൻ പറഞ്ഞ കാര്യങ്ങൾ ജില്ലാ കൗൺസിലുകളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്. ഈ ബിൽ പാസ്സാക്കി തരണമെന്ന് അപേക്ഷിക്കുന്നു.

1991-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

1991-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ സഭ പാസ്സാക്കി.

(2) സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1990-ലെ കേരള വനിതാ കമ്മീഷൻ ബിൽ

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1990-ലെ കേരള വനിതാ കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സെലക്ട് കമ്മിറ്റി റിപ്പോർട്ട് എല്ലാവരുംകൂടി യോജിച്ചുകൊണ്ടുള്ള റിപ്പോർട്ടാണ്. ഇതിനെ സംബന്ധിച്ചുള്ള നിയമങ്ങൾ വിശദമായി നോക്കി ഞങ്ങൾ അനേകം ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. അതിൽ പ്രധാനമായിട്ട് വന്നിരിക്കുന്നത്, കമ്മീഷനിൽ സ്ത്രീകൾക്കായിരിക്കണം മുൻതൂക്കം കൊടുക്കേണ്ടതെ് എന്നാണ്. അതിൽത്തന്നെ ഷെഡ്യൂൾഡ് കാസ്റ്റിൽനിന്നും ഒരാൾ ഉണ്ടായിരിക്കുകയും വേണം. അഞ്ച് മെമ്പർമാർ എന്നുള്ളത് ആറാക്കിയിട്ടുണ്ട്. ഇതിൽ സ്ത്രീകൾക്കാണ് മുൻഗണന കൊടുക്കുന്നത്. ഓഫീസിൽനിന്നും മെമ്പർമാരെ മാറ്റുന്നതു സംബന്ധിച്ച് അവർക്ക് നോട്ടീസ് കൊടുക്കാനും അതിന്റെ കാരണങ്ങളെക്കുറിച്ചുമൊക്കെ വിശദീകരണങ്ങളെഴുതിയിട്ടുണ്ട്. അതുപോലെതന്നെ രജിസ്ട്രേഷൻ ഓഫ് വിമൻസ് ഓർഗനൈസേഷനിൽ രജിസ്റ്റർ ചെയ്യുന്നതോടൊപ്പം തന്നെ വിമൻസ് വിംഗ് പോലുള്ള സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നതാണെങ്കിൽ വിമൻസ് വിംഗിനും അപേക്ഷ

LIBRARY ARCHIVES Kerala Legislative Assembly